# കേരള സർവകലാശാല

നം. പി.ആർ.065/2018 ഫോൺ : 2305738

## പത്രക്കുറിപ്പ്

## ഏകദിന ശില്പശാല

കേരളത്തിലെ വിവിധ സർവകലാശാലകളുടെ പരിധിയിൽ വരുന്ന കോളേജ് പ്രിൻസിപ്പൽമാർക്ക് വേണ്ടി മാർച്ച് 28-ന് നടത്താൻ നിശ്ചയിച്ചിരുന്ന ഏകദിന ശില്പശാല ചില സാങ്കേതിക കാരണങ്ങളാൽ മാർച്ച് 26-ന് യു.ജി.സി ഹ്യൂമൺ റിസോഴ്സ് ഡെവലപ്പ്മെന്റ് സെന്ററിൽ വെച്ച് നടത്തും. അപേക്ഷാ ഫോറവും വിശദ വിവരങ്ങളും യു.ജി.സി ഹ്യൂമൺ റിസോഴ്സസ് ഡെവലപ്പ്മെന്റ് സെന്ററിലെ വെബ്സൈറ്റിൽ(www.keralauniversity.ac.in/ugcasc/ugchrdc.in) നിന്ന് ലഭിക്കും. അപേക്ഷകൾ ദി ഡയറക്ടർ, യു.ജി.സി ഹ്യൂമൺ റിസോഴ്സ് ഡെവലപ്പ്മെന്റ് സെന്റർ, ഗോൾഡൻ ജൂബിലി ബിൽഡിംഗ്, യൂണിവേഴ്സിറ്റി ഓഫ് കേരള, കാര്യവട്ടം-695581 എന്ന വിലാസത്തിൽ മാർച്ച് 24-ന് മുൻപ് ലഭിക്കണം.

## ഗവേഷകർ പ്രബന്ധം സമർപ്പിക്കുന്നതിനുള്ള തീയതി നീട്ടി

ഗവേഷണ കാലാവധി കഴിഞ്ഞ ഫുൾടൈം/പാർട്ട്ടൈം ഗവേഷകർക്ക് അവരുടെ ഗവേഷണം 80% പൂർത്തിയാക്കിയിട്ടുള്ള പക്ഷം പ്രബന്ധം സമർപ്പിക്കുന്നതിനുള്ള അവസാനതീയതി മേയ് 31 വരെ ദീർഘിപ്പിച്ചു. 2017 ജനുവരി 16-ന്റെ ഉത്തരവ് പ്രകാരം 2017 നവംബർ 30 വരെ നൽകിയ അധികസമയത്തിനുള്ള നിബന്ധനകൾക്ക് വിധേയമായി ഈ ആനുകൂല്യം ലഭിക്കുന്നതിന് 80 % ഗവേഷണം പൂർത്തിയായതായുള്ള ഡോക്ടറൽ കമ്മിറ്റി ചെയർമാന്റെ സാക്ഷ്യപത്രത്തോടുകൂടിയാണ് ഗവേഷകർ അപേക്ഷ സമർപ്പിക്കേണ്ടത്. ഇതു സംബന്ധിച്ച് മാർച്ച് ഒൻപതിലെ സർവകലാശാല ഉത്തരവ് റിസർച്ച്പോർട്ടലിൽ ലഭ്യമാണ്.

## ക്ലാസ്സുകൾ ആരംഭിക്കും

വിദൂരവിദ്യാഭ്യാസ പഠനകേന്ദ്രം നടത്തുന്ന ബി.എസ്സി കമ്പ്യൂട്ടർ സയൻസ് (2017-2020) ബാച്ചിന്റെ രണ്ടാം സെമസ്റ്റർ ക്ലാസ്സുകൾ മാർച്ച് 24 മുതൽ കാര്യവട്ടം ക്യാമ്പസിൽ ആരംഭിക്കും.

## ബി.ടെക് ഫലം

2017 ജൂലൈയിൽ നടന്ന നാലാം സെമസ്റ്റർ ബി.ടെക് ഡിഗ്രി (ഇംപ്രൂവ്മെന്റ്/സപ്ലിമെന്ററി, സെഷണൽ ഇംപ്രൂവ്മെന്റ്) (2013 സ്കീം) പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഓൺലൈനായി മാത്രം അപേക്ഷിക്കുക. അപേക്ഷിക്കേണ്ട അവസാന തീയതി ഏപ്രിൽ 11. കരട് മാർക്ക്ലിസ്റ്റ് വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

തിരുവനന്തപുരം.
21.03.2018

പബ്ലിക് റിലേഷൻസ് ഓഫീസർ

അംഗീകാരത്തോടെ,

സെക്ഷൻ ഓഫീസർ

**e-mail: ku.release@gmail.com** **website: www.keralauniversity.ac.in**

**University information is available on 0471-2305994, 155300 (BSNL Land line), 0471-155300 (from mobile) 0471-2115054 and 0471-2115098**